LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുറുവ പഞ്ചായത്തിലെ നാലാം വാർഡിൽ 60 പെൻഷൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പെൻഷൻ അംഗീകരിച്ചവർക്ക് വിതരണത്തിനായുള്ള തുകയ്ക്ക് ഗ്രാമപഞ്ചായത്ത് റിക്വയർമെന്റ് നൽകിയിട്ടുണ്ട്. ആയതിന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്.

മാലിന്യ സംസ്കരണ പ്രോജക്ടുകൾ

238 (1663) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വ മിഷൻവഴി മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അനുവദിച്ച തുക വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കാമോ ;

(ബി) ഏത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണ പദ്ധതികൾ ശുചിത്വ മിഷൻ വഴി നടപ്പാക്കിയിട്ടുണ്ട് ; ഇതിനായി ഏത്ര തുകയാണ് ചെലവഴിച്ചത് ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്; ഓരോ പഞ്ചായത്തും ഏതൊക്കെ പ്രോജക്ടുകൾക്കായി ഏത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇനിയും ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത് എന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കാത്ത പഞ്ചായത്തുകൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉത്തരവിലൂടെ ശുമിച്ചത്; ഇതനുസരിച്ച് സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ഇ) മാലിന്യസംസ്കരണം പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാക്കുന്നതിനും, അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തുകളെ ചുമതലപ്പെടുത്തുന്നതിനും തുടർനടപടികൾ നിരീക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തിൽ 35 ഗ്രാമപഞ്ചായത്തുകൾക്ക് ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കായി 216.92 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കായി 255 ഗ്രാമ പഞ്ചായത്തുകൾക്ക് 1650.32 ലക്ഷം രൂപയും. 2013-14 സാമ്പത്തിക വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കായി 96 ഗ്രാമപഞ്ചായത്തുകൾക്ക് 323.40 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

(ബി) 730 പഞ്ചായത്തുകൾക്കും 59 മുനിസിപ്പാലിറ്റികൾക്കും 5 കോർപ്പറേഷനിലും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലായി 92.97 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു :

ജില്ല	തുക (കോടി)
തിരുവനന്തപുരം	10.21
കൊല്ലം	7.25
പത്തനംതിട്ട	3.26
ആലപ്പുഴ	8.47
കോട്ടയം	10.2
ഇടുക്കി	3.82
എറണാകുളം	8.55
തൃശ്ശൂർ	6.84
പാലക്കാട്	5.51
മലപ്പുറം	9.38
കോഴിക്കോട്	3.68
വയനാട്	0.84
കണ്ണൂർ	10.28
കാസർകോട്	4.11

LIBRARY ARCHIVES Kerala Legislative Assembly

(സി) റാന്നി നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളാണ് മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. റാന്നി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾ പ്രോജക്ടുകൾക്കായി 55.75 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* പഞ്ചായത്തുകളിൽനിന്നും ലഭ്യമാക്കുന്ന പ്രോജക്ടുകൾക്ക് അനുമതി നൽകിവരുന്നുണ്ട്.

(ഡി) മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ഘട്ടംഘട്ടമായി മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. ഇതിലേക്കായി സർക്കാർ തലത്തിൽ നിന്നും ശുചിത്വ മിഷൻവഴിയും വേണ്ടുന്ന നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. മാലിന്യസംസ്കരണം സംബന്ധിച്ച് അവബോധം ജനങ്ങളിൽ ഉണ്ടാക്കുകയെന്നുള്ളതാണ് പ്രധാനം. ഇതിലേക്കായി ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും സെമിനാറുകളും, ബോധവത്ക്കരണ ക്ലാസുകളും നടത്തിവരുന്നു. ഈ അവസരങ്ങളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച കൈപുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്തുവരുന്നു. കൂടാതെ പഞ്ചായത്തുകളെ അവർക്ക് യോജിച്ച തരത്തിലുള്ള ഖരമാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കുന്നതിനും അവയ്ക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ശുചിത്വ മിഷൻവഴി നൽകിവരുന്നു. കൂടാതെ മിഷന്റെ സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥൻ തുടർ നടപടി നിരീക്ഷിക്കുകയും വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly